
بسم الله الرحمن الرحيم

# EVIDENCES IN SUPPORT OF THE CLAIMS OF HAZRAT KHALIFATHULLAH MUNIR AHMAD AZIM (ATBA)

# ഹസ്രത് മുനീർ അഹ്മദ് അസീം (atba) ന്റെ സത്യസാക്ഷ്യം



## 14-ാം നൂറ്റാണ്ടിലെ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നല്കിയ സത്യസാക്ഷ്യങ്ങൾ

## PART-III (ഭാഗം-3)

## സത്യസാക്ഷ്യം 1

1. ഈ തോട്ടം നിത്യഹരിതമായിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നുണ്ടായിരുന്നു. തന്നിമിത്തം എല്ലാ നൂറ്റാണ്ടിന്റെയും തലയ്ക്കൽ ഈ തോട്ടത്തിൽ വെള്ളം നനയ്ക്കുന്നതിനും അത് ഉണങ്ങിവരണ്ടു പോകുന്നതിൽ നിന്നും പരിരക്ഷിക്കുന്നതിനും ഏർപ്പാടു ചെയ്യുകയും ചെയ്തു. എന്നാൽ, ഒരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ മതനവീകരണത്തിന് ഒരു ദൈവദാസൻ നിയോഗിക്കപ്പെടുമ്പോൾ അജ്ഞരായ ജനം അദ്ദേഹത്തെ എതിരിടാൻ മുതിരുന്നു. തങ്ങളുടെ ആചാരങ്ങളും ആദത്തുകളുമായി മാറിക്കഴിഞ്ഞ തെറ്റുകുറ്റങ്ങൾ തിരുത്തപ്പെടുക എന്നത് അവർക്ക് വളരെ അസഹ്യമായി അനുഭവപ്പെട്ടു. എന്നാൽ, അല്ലാഹു അവന്റെ സുന്നത്ത് (നടപടിക്രമം) ഉപേക്ഷിച്ചില്ല.

(ലക്ചർ സിയാൽക്കോട്ട്, (സിയാൽക്കോട്ട് പ്രഭാഷണം) ഹസ്രത് മിർസാഗുലാം അഹ്മദ് (അ) വിവർത്തനം എൻ. അബ്ദുർറഹീം, 1992 ഡിസംബർ എഡിഷൻ (പേജ് 10)

നാം അഹ്മദികൾ, പൊതുവിൽ വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (atba) ന്റെ അനുചരന്മാരോ താബിഉകളോ, താബിഉതാബികളോ ഒക്കെയാണെന്നാണ് കരുതുന്നത്, പറയുന്നത്. നോക്കൂ, അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിൽ ഹസ്രത് മുഹമ്മദ്

മുസ്തഫാ(സ) പ്രവചനം ചെയ്ത ഒരു ഹദീസിനെ വിവരിച്ചു കൊണ്ട് പറയുന്നത് ഓരോ നൂറ്റാണ്ടിലും ഇസ്ലാമിനുവേണ്ടി സേവനം ചെയ്യുവാനായി അല്ലാഹു(ത) ഏർപ്പാട് ചെയ്തിട്ടുണ്ട് എന്ന്! അപ്രകാരം അല്ലാഹുവിൽ നിന്ന് നിയോഗിതനായ ഒരാളാണ് താനെന്ന് ഹസ്രത് മുനീർ അഹ്മദ് അസീം (അ) പ്രഖ്യാപിക്കുന്നു. 2000 മുതൽ തുടരുന്ന ദിവ്യവെളിപാടുകൾ 2020ലും തുടരുന്നു എന്നദ്ദേഹം ലോകത്തിന്റെ മുൻപിൽ അവകാശപ്പെടുന്നു. വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ്(അ)അപ്രകാരം വരുന്നതാണെന്ന് അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. നാം അദ്ദേഹത്തിന്റെ അനുയായികൾ ആണെന്നുപറയുകയും ചെയ്യുന്നു. നാം ഗുരുവിനെ നിന്ദിക്കുന്ന നിഷേധികൾ ആണോ? നാം ഗുരുവിനെ തള്ളിപറയുന്ന ജൂദാസുകളാണോ? അദ്ദേഹത്തിന്റെ ഗ്രന്ഥത്തെ നിഷേധിക്കുന്ന നിഷേധികളാണോ? ഈ ചോദ്യങ്ങൾ ഒരിക്കലും വിമർശനത്തിനു വേണ്ടി ആണെന്ന് കരുതരുത്, സ്വന്തം തഫ്സിനോട്, സ്വന്തം ഹൃദയത്തോട്, സ്വന്തം മനഃസാക്ഷിയോട്, സ്വയം ചോദിക്കേണ്ട ചോദ്യങ്ങളാണിത്? സഹോദരാ! നിങ്ങൾ ഓരോരുത്തരും സ്വയം ചോദിച്ചു നോക്കൂ! ഉത്തരം കിട്ടും. നിങ്ങളുടെ മനഃസാക്ഷി നിങ്ങൾക്ക് ഉത്തരം നല്കാതിരിക്കില്ല. അപ്രകാരം ദൈവത്താൽ നിയോഗിതരാകുന്നവരെ എതിരിടാൻ ശ്രമിക്കുന്നവരെകുറിച്ച് ആ മഹാനുഭാവൻ പറഞ്ഞതെന്താണ്? അജ്ഞരായ ജനം എന്നാണ്. ആയതിനാൽ നമുക്ക് എതിർക്കാൻ നില്ക്കണ്ട! സ്വീകരിക്കാം. അല്ലെങ്കിൽ നമ്മുടെ ആത്മീയ ഗുരു അരുളിയ അജ്ഞരായ ജനതയിൽ നാം ആപതിച്ചു പോകും.

14-ാം നൂറ്റാണ്ടിലെ നമ്മുടെ ആത്മീയ പിതാവായ ഹസ്രത് മിർസാഗുലാം അഹ്മദ്(അ) രേഖപ്പെടുത്തിയ പ്രസ്തുത ഉപദേശങ്ങളെ സ്വീകരിക്കുന്നതിലൂടെ നാം സ്വീകരിക്കുന്നത് അശ്റഫുൽ ഖൽഖായ, ഖാത്തമുന്നബിയ്യീൻ ആയ മുഹമ്മദ് മുസ്തഫ(സ) യുടെ സാക്ഷിപത്രത്തെയാണ് എന്നു നാം തിരിച്ചറിയുക. ആയതിനാൽ ഖാത്തമുന്നബിയ്യീനായ മുഹമ്മദ് മുസ്തഫ (സ)യുടെയും ഖാത്തമുൽ ഖലഫാഉ ആയ വാഗ്ദത്തമസ്സീഹ് മിർസാഗുലാം അഹ്മദ് (അ)ന്റെയും അനുസരണയുള്ള ആത്മീയ പുത്രന്മാരായി തീരുവാൻ, 15-ാം നൂറ്റാണ്ടിലേക്ക് അല്ലാഹുവിനാൽ നിയോഗിത

നായ ഹസ്രത് മുനീർ അഹ്മദ് അസീം (atba) ന്റെ സത്യതയെ തെളിയിക്കുവാനുള്ള, ഒന്നാമത്തെ സാക്ഷിപത്രമായി ഞാൻ വാഗ്ദത്ത മസീഹ് (അ)ന്റെ ലക്ചർ സിയാൽക്കോട്ട് എന്ന ഗ്രന്ഥം സവിനയം അഭിമാനത്തോടെ സമർപ്പിക്കുകയാണ്.

## സത്യസാക്ഷ്യം 2

### 2. ദൈവീക വെളിപാടിന്റെ വാതിൽ ഇപ്പോഴും തുറന്നു കിടക്കുന്നു.

അല്ലാഹുവിന്റെ വഹ്യ് - ദൈവീക ഭാഷണം മുന്നോട്ടില്ലെന്നും, പിന്നിൽ നിലച്ചു പോയെന്നും, പരിശുദ്ധാത്മാവിന് ഇറങ്ങുവാൻ സാധ്യമല്ലെന്നും, മുൻകാലങ്ങളിൽ തന്നെ ഇറങ്ങികഴിഞ്ഞുപോയെന്നും, നിങ്ങളൊരിക്കലും കരുതരുത്. എല്ലാ വാതിലുകളും അടഞ്ഞുപോകുമെന്നും എന്നാൽ, റൂഹുൽഖുദ്സ് - പരിശുദ്ധാത്മാവ് ഇറങ്ങുന്ന വാതിൽ ഒരിക്കലും അടഞ്ഞു പോകുന്നതല്ലെന്നും ഞാൻ സത്യമായും സത്യമായും പറയുന്നു. പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവേശിക്കുവാൻ നിങ്ങൾ നിങ്ങളുടെ ഹൃദയകവാടങ്ങളെ തുറന്നിടുവിൻ. ഈ കിരണങ്ങൾ കടക്കുവാനുള്ള ജാലകം നിങ്ങൾ അടയ്ക്കുമ്പോൾ നിങ്ങളെ സ്വയം ഈ സൂര്യനിൽ നിന്ന് ദൂരത്തിടുകയാണ് ചെയ്യുന്നത്. (ഹമാരി തഅ്ലീം, ഹസ്രത് മിർസാഗുലാം അഹ്മദ്(അ) പരിഭാഷകൻ മുഹമ്മദ് ഉമർ H.A. ) **First Edition 1983 January) (Page No. 28) (And see the door of revelation is open even Now, (Page No 33) Our Teaching / Translated from KASHTI-NUH Author, Hazrat Mirza Gulam Ahamad (A) Published Shoba Nashr -O-Ishaat, Qaeian Year 1988)**

ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) ഇവിടെ എന്താണ് പറയുന്നത്? നിങ്ങളുടെ ഹൃദയകവാടങ്ങൾ തുറക്കാൻ. പ്രകാശം അതിലേക്ക് പ്രവേശിക്കുവാൻ. വെളിപാടുകളെ കുറിച്ചും അതിന്റെ അന്തഃസത്തയെ കുറിച്ചറിയുവാനും ഹൃദയശുദ്ധീകരണം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മനുഷ്യനും ദൈവവുമായി ബന്ധം ഉണ്ടായാൽ മാത്രമെ ഭാഷണം നടക്കുകയുള്ളു. നമുക്കറിയാം ഒരു വൈദ്യുതി കണക്ഷൻ നമുക്ക് ലഭിക്കണമെങ്കിൽ, പഞ്ചായത്തിൽ നിന്നും വീടിന്റെ നമ്പർ ഇടീച്ചു വാങ്ങണം, വൈദ്യുതി കണക്ഷനു വേണ്ടിയാണ് എന്ന് പറഞ്ഞു അപേക്ഷ കൊടുത്തു സർട്ടിഫിക്കേറ്റ് വാങ്ങണം, എന്നിട്ട് വൈദ്യുതിയ്ക്ക് അപേക്ഷ കൊടുക്ക

ണം. വീട് വയറിംഗ് ചെയ്യണം, ഉദ്യോഗസ്ഥർ വീണ്ടും പരിശോധന നടത്തും, പിന്നെ കാത്തിരിക്കണം. അങ്ങനെ ഒടുവിൽ നമുക്ക് കണക്ഷൻ കിട്ടും. ഇതൊന്നും ചെയ്യാതെ ഒരാൾ വീട്ടിൽ ഇരുന്നാൽ അയാൾക്ക് വൈദ്യുതി കണക്ഷൻ കിട്ടില്ല എന്ന് നമുക്കറിയാം.

ഇതുപോലെ അല്ലാഹു(ത)യുമായി എങ്ങനെ കണക്ഷൻ കിട്ടുമെന്ന് പഠിപ്പിക്കുവാൻ അല്ലാഹു(ത) മനുഷ്യാരംഭം മുതൽ തന്നെ പ്രവാചകന്മാരെ നിയോഗിച്ച്, മനുഷ്യരെ പഠിപ്പിച്ച് ദൈവവുമായി കണക്ഷൻ സ്ഥാപിച്ചു കഴിയണം എന്നുപദേശിച്ചിട്ടുണ്ട്. ഇപ്പോൾ ഉപദേശിച്ചുകൊണ്ടിരിക്കുന്നു. ഇത് അവന്റെ ഒരു സുന്നത്താകുന്നു.

ചിലർ വാശിപിടിക്കുകയാണ്, ഞങ്ങൾ പഞ്ചായത്താഫീസിലും പോകില്ല, വൈദ്യുതി ആഫീസിലും പോകില്ല, അപേക്ഷയും കൊടുക്കില്ല. ഞങ്ങൾക്ക് വൈദ്യുതി കിട്ടും എന്നു പറഞ്ഞാൽ അവർക്ക് എന്തോ തകരാറുണ്ടെന്നു ബുദ്ധിയുള്ളവർ മനസ്സിലാക്കും. അവർക്കൊട്ട്  വൈദ്യുതി കിട്ടാനും പോകുന്നില്ല. ഇതുപോലെ ആത്മീയ പ്രകാശം കൊടുക്കുവാനായി അല്ലാഹു(ത) നൂറ്റാണ്ടുകൾ തോറും ആളെവിടുമെന്ന് പറഞ്ഞു. അദ്ദേഹം പറയുന്ന വഴികളിലൂടെ സഞ്ചരിച്ച് നിങ്ങൾ പ്രസ്തുത പ്രകാശധാരയിൽ എത്തിച്ചേരുക എന്ന് ഹസ്രത് മുഹമ്മദ് മുസ്തഫ(സ)ലോകജനതയെ ഉപദേശിച്ചതാണ്.

കഷ്ടമെന്നല്ലാതെ എന്തുപറയുവാനാണ്! അനുചരന്മാർ എന്ന് പറഞ്ഞവർ അതു സ്വീകരിച്ചില്ല. അതുകൊണ്ടെന്താ ഇരുട്ടത്തു കിടന്നു തപ്പുകയാ! ഇരുട്ടത്തു കിടന്നു വിളിക്കുകയാണ് കൊറോണാ എന്തിനാ വരുന്നതെന്നറിയാതെ, എന്തുകൊണ്ടാ വന്നതെന്നറിയാതെ?

**പ്രകാശമുള്ളവർ അതു നേരത്തെ കണ്ടു.** "പ്രിയപ്പെട്ടവരെ, ഞാൻ നിങ്ങളെ ഈ ഒരു കാര്യം ഓർമ്മിപ്പിക്കുവാനാഗ്രഹിക്കുന്നു. ഇത്തരം വൈറസ് ആക്രമണം നിലനില്ക്കുക മാത്രമല്ല, അത് ഇനിയും കൂടിക്കൊണ്ടിരിക്കുക തന്നെ ചെയ്യും. തീർച്ച, കാരണം അല്ലാഹു എനിക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നത്, മാരകമായ ഈ വൈറസ് മനുഷ്യഗണത്തിലെ ഒരാൾക്കും തന്റെ കഴിവുപ

യോഗിച്ച് തടയുവാനോ, പ്രതിരോധിക്കുവാനോ സാധിക്കില്ല എന്നും, അത് അതിന്റെ ആക്രമണം മൂലം, ലോകത്തിനെ നശിപ്പിക്കും എന്നുമാണ്. ഈ നാശത്തിൽ നിന്നും നമ്മെ രക്ഷിക്കുവാൻ കഴിയുന്ന ഒരേ ഒരു സംഗതിയേയുള്ളൂ. അത് നമ്മുടെ സൃഷ്ടാവിലേക്ക് തിരിയുക എന്നതുമാത്രമാണ്." **(Extract of the Divine Speech of Khahlifathullah of this era, Munir Ahmad Azim Spiritual Head of the Jamaat-ul-Sahih-al Islam, Pertaining on the calamities which the world is Facing on 10-05-2009)**

ഇതാണ് അല്ലാഹുവുമായുള്ള കണക്ഷൻ കൊണ്ടുള്ള പ്രയോജനം. നമ്മുടെ വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ്(അ) കിശ്തിനൂഹ്ലെ-ഹമാരി തഅ്ലീമിൽ, നമ്മുടെ അധ്യാപനങ്ങളിൽ-മലയാളം പേജ് നമ്പർ28ലും, ഇംഗ്ലീഷ് പരിഭാഷയിൽ പേജ്നമ്പർ 33ലും പറഞ്ഞില്ലേ? റൂഹുൽഖുദ്സ് ഇറങ്ങുന്ന വാതിൽ ഒരിക്കലും അടയ്ക്കുന്നതല്ല എന്ന് ഞാൻ സത്യമായും സത്യമായും പറയുന്നു എന്ന്! എന്നിട്ട് നമ്മൾ വിശ്വസിച്ചോ? അംഗീകരിച്ചോ? ഈ നൂറ്റാണ്ടിൽ ആഗതരായ വാഗ്ദത്ത മസീഹ് ഹസ്രത് മുനീർ അഹമദ് അസീം(atba)ന്റെ സത്യസാക്ഷ്യത്തിന്റെ രണ്ടാമത്തെ തെളിവായി, കിശ്ത്നൂഹ് ലെ -ഹമാരി തഅ്ലീം എന്ന ഈ പാവന ഗ്രന്ഥം അത്യധികം ആദരവോടെ, സവിനയം സമർപ്പിച്ചോട്ടെ! സ്വീകരിച്ചാലും.

2009ൽ ലഭിച്ച വെളിപാടിലൂടെ ഹസ്രത് മുനീർ അഹമദ് അസീം(atba) വെളിപ്പെടുത്തിയതും, ആർക്കും പ്രതിരോധിക്കുവാൻ കഴിയാത്തതുമായ വൈറസിനെകുറിച്ചുള്ള പ്രവചനവും അല്ലാഹു(ത)യിൽ നിന്നുള്ളതല്ലാ എന്നാണോ നിങ്ങൾ പറയുന്നത്? അദ്ദേഹത്തിന് അല്ലാഹു(ത) ഒരു സന്തോഷവാർത്തയും അതിൽ നല്കിയിട്ടുണ്ട്. ഇത്തരം വിപത്തുകളിൽ നിന്നും അല്ലാഹു(ത) അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ആത്മാർത്ഥത നിറഞ്ഞ ഭക്തദാസന്മാരെയും സംരക്ഷിക്കുന്നതാണെന്ന് അദ്ദേഹത്തെ അറിയിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു(ത) തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നവൻ തന്നെയാണ്.

**Divinely Speech of Hazrat Munir Ahmad Azim (atba) 10-05-2009**

തുടർന്നു അല്ലാഹു(ത) പറയുന്നു. "ഓ! ഖലീഫത്തുല്ലാഹ്!

തീർച്ചയായും അവർ ഇതിനെ തള്ളിക്കളയും (കള്ളമായി കണക്കാക്കിക്കൊണ്ട്) എന്നാൽ അവർ പരിഹസിച്ചുകൊണ്ടിരുന്നതിനെ, സത്യപ്പെടുത്തിക്കൊണ്ട് ഈ വാർത്ത അവരുടെ അടുക്കലെത്തും, ഒട്ടും വൈകാതെ തന്നെ (ഖുത്തുബ ഇൽഹാമിയ 10/05/2009) ഹസ്രത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം)"

നോക്കൂ! ഇന്ന് നാം അതിനു സാക്ഷ്യം വഹിക്കുന്നു. പ്രതിരോധിക്കാൻ സാധിക്കാത്ത പ്രസ്തുത വൈറസ് ഇന്ന് ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. മലയാളമനോരമ കൊല്ലം എഡിഷൻ ദിനപത്രത്തിൽ 2020 ഏപ്രിൽ 28ന് വന്ന വാർത്തിയിൽ കോവിഡ് രോഗബാധിതർ 30,19,246 എന്നും മരണം 2,08112 എന്നും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

പ്രവചനം ചെയ്തത് കൺമുമ്പിൽ വന്നിട്ടും ദൈവത്തിലേക്കും ദൈവദൂതനിലേക്കും തിരിയുവാൻ നമുക്കിനിയും സമയമായില്ലേ?

## സത്യസാക്ഷ്യം 3

3. എന്നാൽ ആരോണോ അഹങ്കാരത്തിന്റെ വഴിയിലൂടെ അല്ലാഹുവിന്റെ മേൽ കളവ് കെട്ടിയുണ്ടാക്കുകയും വെളിപാട് ഉണ്ടാകാതിരിക്കെ ഉണ്ടായി എന്നു പറയുകയും ചെയ്യുന്നത് അല്ലെങ്കിൽ ദൈവസംസാരവും ദൈവ ഭാഷണവും തനിക്ക് സിദ്ധിക്കാതിരിക്കെ സിദ്ധിച്ചുവെന്ന് പറയുന്നത് അവൻ നശിപ്പിക്കപ്പെടുമെന്ന് അല്ലാഹുവിനെയും അവന്റെ മലക്കുകളെയും സാക്ഷി നിറുത്തി ഞാൻ പറയുന്നു. എന്തുകൊണ്ടെന്നാൽ അവൻ തന്റെ സൃഷ്ടാവിന്റെ മേൽ കളവ് കെട്ടുകയും വഞ്ചന കാണിക്കുകയും ചെയ്തിരിക്കുന്നു. (നമ്മുടെ അധ്യാപനങ്ങൾ; മിർസാഗുലാം അഹമദ്(അ) (പേജ് 32)

പ്രിയരെ! വിശുദ്ധഖുർആൻ 3:82ൽ ദൈവദൂതൻ വന്നാൽ സ്വീകരിക്കുമെന്ന് സാക്ഷി നില്ക്കുകയും, വിശുദ്ധ നബികരീം(സ) ഓരോ നൂറ്റാണ്ടിലും അല്ലാഹു(ത) അവന്റെ പ്രതിനിധിയെ നിയോഗിക്കുമെന്ന് തറപ്പിച്ചു പറയുകയും, 14-ാം നൂറ്റാണ്ടിലെ മുജദ്ദിദ് റൂഹുൽ ഖുദ്സുമായി ആള് വരുമെന്ന് സാക്ഷിപ്പെടുത്തുകയും ചെയ്തിട്ടും, അപ്രകാരം ഒരാള് വന്നപ്പോൾ, നിങ്ങൾ അദ്ദേഹത്തെ കളവാക്കുകയാണോ? നിഷേധിക്കുകയാണോ? പരിഹസിക്കുകയാണോ? പുലഭ്യം പറയുകയാണോ? പിന്തിരിഞ്ഞു നില്ക്കുകയാണോ?

ഇവിടെ ഹസ്രത് മിർസാഗുലാം അഹ്മദ് (അ)എന്താണ് പറയുന്നത്? ദൈവഭാഷണം ലഭിക്കാതെ ഒരാൾ ദൈവഭാഷണം ലഭിച്ചു എന്ന് പറഞ്ഞാൽ, അല്ലാഹുവിനെയും അവന്റെ മലക്കുകളെയും സാക്ഷി നിറുത്തി പറയുകയാണ്. അവൻ നശിപ്പിക്കപ്പെടുമെന്ന്. കഴിഞ്ഞ ഇരുപത് വർഷമായി നമ്മുടെ മുൻപിൽ നിന്ന് ഒരാൾ പറയുകയാണ്. അദ്ദേഹത്തിന് ദൈവഭാഷണം ലഭിക്കുന്നുവെന്ന്! നമ്മൾ നിഷേധിക്കുകയും ചെയ്യുന്നു. അപ്പോൾ നമ്മളാണോ സത്യവാന്മാർ? അതോ അദ്ദേഹമാണോ?

ഹേ! ഖുർആൻ നിഷേധിക്കുന്നവരെ! റസൂൽ(സ)യുടെ അധ്യാപനത്തെ നിഷേധിക്കുന്നവരെ, നൂറ്റാണ്ടുകൾ തോറും അല്ലാഹുവിന്റെ നിയോഗിതരെ നിഷേധിക്കുന്നവരെ! നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക, അവസാന അവസരമാണ്! പശ്ചാത്തപിച്ച് ദൈവദൂതരെ, പിൻപറ്റുകയല്ലേ ബുദ്ധിമാന്മാർ ചെയ്യേണ്ടത്?, തെറ്റുകൾ തിരുത്തുക, അതാണ് നിങ്ങൾക്ക് ഉത്തമമായിട്ടുള്ളത്! ദൈവീകശിക്ഷ ഇതാ ഉമ്മറപടിയിൽ വന്നു നില്ക്കുന്നു. അവസാന അവസരമാണ് പശ്ചാത്തപിച്ച് ദൈവദൂതരെ പിൻപറ്റുക.

14-ാം നൂറ്റാണ്ടിലെ വാഗ്ദത്തമസീഹ് ഹസ്രത്ത് മിർസാഗുലാം അഹ്മദ് ((atba))ന്റെ നമ്മുടെ അധ്യാപനങ്ങൾ, എന്ന മലയാള പരിഭാഷയുടെ പേജ് 32, നിങ്ങളുടെ മുൻപാകെ 15-ാം നൂറ്റാണ്ടിലെ അല്ലാഹുവിന്റെ പ്രതിനിധിയായ ഹസ്രത് മുനീർ അഹ്മദ് അസീം (അ)ന്റെ സത്യസാക്ഷ്യത്തിന്റെ 3-ാം മത്തെ സത്യസാക്ഷ്യ തെളിവായി, ഒന്നുകൂടി സമർപ്പിക്കുകയാണ്.

## സത്യസാക്ഷ്യം 4

**4. Will a Mujaddid come after you? A man asked this pertinent question to the promised messaia Hazarath Ahamed (as) in 29th september 1905 seefore noon**

താങ്കൾക്ക് ശേഷം ഒരു മുജദ്ദിദ് വരുമോ? 1905 സെപ്തംബർ 29-ാം തീയതി മധ്യാഹ്നത്തിനു മുൻപായി വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ)നോട് ഒരാൾ ഈ പ്രസക്തമായ ചോദ്യം ചോദിക്കുകയുണ്ടായി

**And he (Promised Messaiah) replied**

വാഗ്ദത്തമസീഹ് (അ) ഇപ്രകാരം മറുപടി പറയുകയുണ്ടായി.

**What is a wrong with a Mujaddid coming after me?**

എനിക്ക് ശേഷം ഒരു മുജദ്ദിദ് വരുന്നതിൽ എന്തുതെറ്റാണുള്ളത്?

**The Prophethood of Moses (as) had come to and end, and that is why his Chain of Succussors ended with Jesus (as)**

മുസ(അ)ന്റെ പ്രവാചകത്വ ശൃംഖലയ്ക്ക് അവസാനമായി. അതു കൊണ്ടാണ് അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരുടെ ശൃംഖല ഈസ (അ) യിലൂടെ അവസാനിച്ചു പോയത്.

**However the dispensation of the Holy Prophet Muhammad (sa) will last till the day of Judgement through the Mujaddideen who will arise in it till the day of Judgement**

അവിടെ കാര്യങ്ങൾ അങ്ങനെ അവസാനിച്ചുപോയെങ്കിലും, പരിശുദ്ധപ്രവചാകൻ മുഹമ്മദ് മുസ്തഫ(സ)യിലൂടെ വന്ന അല്ലാഹുവിന്റെ ശാസന, വിധിനാൾവരേക്കും നിലനില്ക്കുന്നതാണ്. അത് മുജദ്ദീദിങ്ങളിലൂടെയാണ് നിലനില്ക്കുന്നത്. വിധിനാൾ വരേക്കും മുജദ്ദീദിങ്ങൾ അവരിൽ വന്നുകൊണ്ടിരിക്കുന്നതാണ്.

**As long as the day of Judgement withholds its destruction there is no doubt that someone else could come.**

അന്ത്യദിനം വരാത്തിടത്തോളം കാലം, ആളുവന്നു കൊണ്ടിരിക്കും എന്നതിൽ യാതൊരുവിധമായ സംശയവുമില്ല.

**We most Certainly do not deny that good and righteous people will continue to come**

നല്ലവരും സ്വാത്വികരുമായ ആളുകൾ തുടർന്നും വന്നുകൊണ്ടിരിക്കും എന്നതിനെ നാം യാതൊരുവിധ (സംശയത്തിനും ഇടമില്ലാത്ത നിലയിൽ അനുകൂലിക്കുകയാണ്) ത്തിലും നിരാകരിക്കുന്നില്ല.

**and then all of a Sudden the Day of Judgement will come.**

ഇങ്ങനെ തുടർന്നുകൊണ്ടിരിക്കവെയാണ്, വളരെ പെട്ടെന്ന് അന്ത്യദിനം സംഭവിക്കുക.

**(Ruhani Khaza in, P16180, Malfoozath V.4, Page 452 (2008 Edu)**

മുജദ്ദിദീങ്ങൾ അന്ത്യദിനംവരെ വന്നുകൊണ്ടിരിക്കുമെന്ന് വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ്(അ) അർത്ഥശങ്കയ്ക്കി

ടമില്ലാത്ത നിലയിൽ തന്റെ വാക്കുകളിലൂടെ വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത സത്യം അദ്ദേഹം വെളിവാക്കിയത് തന്റെ യജമാനരായ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ അല്ലാഹു(ത) അവന്റെ പ്രതിനിധിയെ മതപരിഷ്ക്കരണത്തിന് നിയോഗിക്കുമെന്നുള്ള പ്രവാചക വചനത്തെ സത്യപ്പെടുത്തിക്കൊണ്ടാണ്. പ്രവാചകവചനങ്ങളെ സത്യപ്പെടുത്തുവാനും അംഗീകരിക്കുവാനുമാണ്, മുഹമ്മദ് മുസ്തഫ(സ)യുടെ ശിഷ്യ പ്രവാചകനായി അല്ലാഹു(ത) അദ്ദേഹത്തെ നിയോഗിച്ചത് എന്ന തിരിച്ചറിവിനായി, മൽഫൂദാത്ത് വോളിയം 4, പേജ് 452. ഞാൻ വായനക്കാരുടെ ചിന്താശേഷിക്കു മുൻപാകെ സമർപ്പിക്കുന്നു. ഈ സത്യസാക്ഷ്യം പതിനഞ്ചാ നൂറ്റാണ്ടിലെ മുജദ്ദിദും വാഗ്ദത്ത മസീഹുമായ ഹസ്രത് മുനീർ അഹ്മദ് അസീം(atba) ന്റെ സത്യതയ്ക്കുള്ള തെളിവായി, 14-ാം നൂറ്റാണ്ടിലെ മുജദ്ദിദും വാഗ്ദത്തമസീഹുമായ ഹസ്രത് മിർസാഗുലാം അഹ്മദ്(അ)ന്റെ മൽഫൂദാത്ത് എന്ന ഗ്രന്ഥം അത്യധികം ആദരവോടെ സത്യാന്വേഷികളുടെ മുൻപാകെ നാലാമത്തെ സത്യസാക്ഷ്യമായി സമർപ്പിക്കുകയാണ്.

## സത്യസാക്ഷ്യം 5

**5. I came from God as a manifestation of His Power. It is God's wish that all people of pious nature living in various parts of the world-regardless of whether they belong to Europe or Asia-be brought together under the banner of Tawheed (The Unity of God). It is His intention that all His servants be gathered into one religion and it is for the fulfilment of that goal that I have been sent into this world. So strive for that goal, but always with gentleness, high morals and with prayers. And until such a time when one should stand up from among you with the Holy Spirit from the Lord, you should work together and co-operate with one another.**

ഞാൻ ദൈവത്തിന്റെ ശക്തി പ്രഭാവുമായി ദൈവത്തിൽ നിന്നും വന്നവനാണ്. ഏഷ്യ, യൂറോപ്പ്, എന്നിങ്ങനെയുള്ള പരിഗണനകൾക്കതീതമായി, വിവിധ ഭാഗങ്ങളിലുള്ള സ്വാത്വികരായ ആളുകൾ തൗഹീദിന്റെ കൊടിക്കീഴിൽ ഒരുമിച്ചുകൂട്ടുക എന്നതാണ് ദൈത്തിന്റെ അഭിലാഷം. ഒരു മതത്തിന്റെ കീഴിൽ അവന്റെ ദാസന്മാരെല്ലാവരും ഒരുമിച്ചു ചേരുക എന്നതാണ് അവന്റെ ഉദ്ദേശ്യം. ആ

ലക്ഷ്യം നേടുന്നതിനു വേണ്ടിയാണ് എന്നെ അവൻ ഈ ലോകത്തിലേക്ക് നിയോഗിച്ചത്. ആയതിനാൽ ആ ലക്ഷ്യം നേടുന്നതിനായി തീവ്രശ്രമം നടത്തുക. എന്നാൽ എപ്പോഴും നിങ്ങൾ സൗമ്യതയിലും സൽസ്വഭാവത്തിലും ഉന്നത ധാർമ്മിക മൂല്യങ്ങളിലും പ്രാർത്ഥനകളിലും നിരതരായിക്കൊണ്ട് ഈ ലക്ഷ്യം നേടുവാൻ ശ്രമിക്കുക. അല്ലാഹുവിൽ നിന്ന് പരുശുദ്ധാത്മാവുമായി (റൂഹുൽ ഖുദ്സുമായി) നിങ്ങളിൽ നിന്ന് ഒരാൾ എഴുന്നേല്ക്കുന്നതു വരെ, നിങ്ങൾ പരസ്പരം സഹകരിച്ച് ഒരുമിച്ച് പ്രവർത്തിക്കുക.

**(The will page No.12, First Published in English in UK in 1997 Present Edition in India 2003)**

(റൂഹുൽ ഖുദ്സുമായി) നിങ്ങളിൽ നിന്ന് ഒരാൾ എഴുന്നേല്ക്കുന്നവരെയാണ് ഒരുമിച്ച് നില്ക്കുവാൻ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) വസിയ്യത്തു ചെയ്തത്. പിന്നീട് അല്ലാഹുവിൽ നിന്ന് നിയോഗിതരായ ആൾ പ്രസ്തുത ജമാഅത്ത് എങ്ങനെ കൊണ്ടുപോകണമെന്ന് തീരുമാനിക്കും. ദൈവീക വചനവുമായി വരുന്ന ആളിന്റെ ഉപദേശമനുസരിച്ച് മുന്നോട്ടു പോകണമെന്നല്ലേ ഈ വചനത്തിൽ പറയുന്നത്? അതോ പ്രസ്തുത ദൈവീക നിയോഗിതനെ തള്ളിപ്പറയണമെന്നാണോ? ഇപ്പോൾ നമ്മൾ തള്ളിക്കളഞ്ഞിരിക്കുകയാണ്. വീണ്ടു വിചാരത്തോടെ കാര്യങ്ങൾ നോക്കികാണേണ്ടതല്ലേ? വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നെ തള്ളിക്കളഞ്ഞത് അദ്ദേഹം കൂടി നടന്നിരുന്ന മുസ്ലിംലോകമാണ്! അല്ലേ? ഇന്നിപ്പോൾ 15-ാം നൂറ്റാണ്ടിൽ ആഗതരായ വാഗ്ദത്തമസീഹ് ഹസ്രത് മുനീർ അഹ്മദ് അസീം (atba) നെ തള്ളിക്കളഞ്ഞത് അഹ്മദി ലോകവും! ഹോ! കഷ്ടമെ!കഷ്ടമെ! കഷ്ടമെ! എന്നല്ലാതെ മറ്റെന്തു പറയുവാനാണ്!

അതുകൊണ്ട് ആദരണീയരായ വായനക്കാരെ! അല്ലാഹു(ത) നിയോഗിച്ചയച്ച സത്യാത്മാവിനെ സ്വീകരിക്കുന്നതല്ലേ നല്ലത്? വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) വസിയ്യത്തു ചെയ്തതു പ്രകാരം റൂഹുൽ ഖുദ്സുമായി നില്ക്കുന്ന പുണ്യാത്മാവിനെ തിരിച്ചറിഞ്ഞു സ്വീകരിച്ചാലും. അല്ലാഹുവിലും നബി (സ)യിലും മസീഹ് (അ)ലും വിശ്വസിച്ചു എന്ന് പറഞ്ഞ്, ഇനി ഞങ്ങൾ ആരിലും വിശ്വസിക്കില്ല എന്ന് പറഞ്ഞ്, അല്ലാഹുവിന്റെ

കോപത്തിന് പാത്രമാകുന്ന ജനം ആകാതിരിക്കുവാനും മുമ്പ് ഇപ്രകാരം പറഞ്ഞ് ശാപമേറ്റു വാങ്ങിയവരോടൊപ്പം ചേർന്നു പോകാതിരിക്കുവാനും നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുക.

## സത്യസാക്ഷ്യം 6

6. മുമ്പ് അനേകം മസീഹുമാർ വന്നിട്ടുണ്ടാകുമെന്ന്, ഞങ്ങൾ അംഗീകരിക്കുന്നു. ഭാവിയിലും, മസീഹ്മാർ വരാനും ഇടയുണ്ട്. ഒരുപക്ഷേ പിൽക്കാലത്ത് ഇമാം മുഹമ്മദ് എന്ന പേരിൽ തന്നെ ആരെങ്കിലും വന്നുകൂടായ്കയുമില്ല.

(റൂഹാനി കസായിൽ ഭാഗം 3 പേജ് 379)

ഭാവിയിൽ മസീഹ്മാർ വരുന്നതിനെ സംബന്ധിച്ച മുഹമ്മദ് നബി (സ)യുടെ പ്രവചനം ഉൾക്കൊള്ളുന്ന ഹദീസുകളിലെ വാക്കുകളെ അക്ഷരാർത്ഥത്തിൽ ഉൾക്കൊള്ളുന്ന (സാക്ഷ്യപ്പെടുത്തുന്ന തരത്തിൽ) മസീഹ് വരാനുള്ള സാധ്യത ഉറപ്പായും ഉണ്ട്. കാരണം ഈ വിനീത ദാസൻ ആഗതനായത് ഈ ലോത്തിന്റെ ഭരണം കയ്യാളാനോ, ആധിപത്യമുറപ്പിയ്ക്കാനോ അല്ല. മറിച്ച്, മിതത്വവും വിനയവുമായിട്ടാണ്.

(ഇസാല-യെ-ഔഹാം, റൂഹാനി കസായിൽ Vol. 3 പേജ് 197)

ഭാവിയിൽ മസീഹ് വരാതിരിക്കാൻ സാധ്യതയുണ്ട്. അതുപോലെ പതിനായിരം മസീഹ്മാർ വരാനും സാധ്യതയുണ്ട്. അവരിലൊരാൾ ദമാസ്ക്കസിൽ ആഗതനായേക്കാം. (ഇസാല-യെ-ഔഹാം-റൂഹാനി) കസായിൽ- Vol. 3 പേജ് 251)

വാഗ്ദത്ത മസീഹിന്റെ അനുയായികൾ ഉൾപ്പെടുന്ന ലോകമുസ്ലിം ജനത, തങ്ങൾക്ക് തിരുനബി(സ)യും വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ)യും പഠിപ്പിച്ചു നല്കിയതുപോലെ, അല്ലാഹുവിന്റെ ഇച്ഛയ്ക്ക് കീഴടങ്ങുന്നതിലൂടെ മാത്രമെ മോക്ഷലബ്ധി സാധ്യമാകൂ എന്ന് തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ, അവർ നിസ്സംശയം, തങ്ങളുടെ നൂറ്റാണ്ടിൽ ആഗതനായ ഇമാമും,മസീഹും, ഖലീഫത്തുല്ലാഹ്യുമായ വ്യക്തിയെ തിരിച്ചറിഞ്ഞേനെ! അദ്ദേഹം അവരുടെ ഇടയിൽ നിന്നും, അവരെ, ഏകദൈവാരാധനയിലേക്കും, പരമസത്യമായ ഇലാഹിലേക്കും അവരെ നയിക്കുന്നതിനായി വന്നിരിക്കുകയാണ് എന്നും അവർ മനസ്സിലാക്കുമാ

യിരുന്നു. ( **Discourse, Hazrat Khalifathullah Munir Ahmad Azim (atba) on 23.3 2013)** ഹസ്രത് മുനീർ അഹ്മദ് അസീം(atba) തുടർന്നു പറയുന്നു. പക്ഷേ, അതേസമയം, ഈ നൂറ്റാണ്ടിൽ, 15–ാം നൂറ്റാണ്ടിൽ വരാനിരിക്കുന്ന അല്ലാഹുവിന്റെ വിനീത ദാസന്റെ, അവന്റെ (അല്ലാഹുവിന്റെ) ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്യും, മസീഹുമായ ഈ വിനീത ദാസന്റെ മുന്നൊരുക്കക്കാരനായിട്ടാണ് അദ്ദേഹം ആഗതനായത് എന്നതും സത്യമായ വസ്തുത തന്നെയാണ്.

ഞാൻ 1380 ൽ അതായത് ഹിജറാ വർഷപ്രകാരം 14–ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ജനിച്ചു. അല്ലാഹു(ത) എന്നെ അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതനായി ഉയർത്തിയത് ഹിജ്റ 1421 ലാണ്. അതായത് ഹിജ്റ 15–ാം നൂറ്റാണ്ടിൽ! ആ കാലഘട്ടത്തിൽ കോരിച്ചൊരിയുന്ന മഴപോലെ എനിക്ക് വെളിപാടുകൾ ലഭിച്ചുകൊണ്ടിരുന്നു. ഈ വിനീത ദാസനോട് അല്ലാഹു(ത) അനേകം രഹസ്യങ്ങൾ വെളിപ്പെടുത്തി തരികയും, വെളിപാടുകൾ നല്കുകയും അനേകം പദവികൾ നല്കി അനുഗ്രഹിക്കുകയും ചെയ്തു ( **Discourse, Hazrat Khalifathullah Munir Ahmad Azim (atba) on 23.3 2013)**

വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലം അഹ്മദ് (അ)ന്റെ, ഗ്രന്ഥങ്ങളായ ലക്ചർ സിയാൽ കോട്ടിലൂടെയും, ഹമാരി തഅ്ലീമിലൂടെയും, മർഫൂദാത്തിലൂടെയും, അൽവസിയ്യത്തിലൂടെയും, ഇസാലെയ ഔഹാം റൂഹാനി ഖസായിനിലൂടെയും വ്യക്തമാക്കിയ ഈ പരമസത്യത്തെ, ഖിയാമത്ത് നാൾവരെ മസീഹ്മാർ വന്നുകൊണ്ടിരിക്കും-മുജദ്ദിദുമാർ വന്നുകൊണ്ടിരിക്കും എന്ന-പ്രവാചകവചനത്തെയും, വാഗ്ദത്തമസീഹ്(അ)ന്റെ അരുളപ്പാടിനെയും, അല്ലാഹുവിന്റെ നടപടിക്രമത്തെയും നിങ്ങൾ വെല്ലുവിളിക്കുകയാണോ?

## സത്യസാക്ഷ്യം 7

**7. So dear friends! It has always been the way of God Almighty to show two manifestations on His Power. He thereby demolishes two false joys of the opponents. It is impossible that He should now change this long established Divine practice. Grieve not therefore at what I am telling you. Nor should you be heartbroken as you are destined to witness the second manifestation of His power. And this second manifestation will be better for you as it is everlasting**

**and will remain unbroken until the Day of Judgement. And the second manifestation cannot occur until after I am gone. But once I have departed God will bring about for you the second manifestation of His Power and it will remain with you forever.**

പ്രിയപ്പെട്ട എന്റെ സ്നേഹിതരെ! തന്റെ ശക്തിപ്രഭാവത്തെ അവൻ (അല്ലാഹു) രണ്ടു രീതിയിലാണ് പ്രകടമാക്കുന്നത്. അതിലൂടെ അവൻ ശത്രുക്കളുടെ രണ്ടു രീതിയിലുള്ള സന്തോഷങ്ങളെയാണ് തകർത്തുകളയുന്നത്. പണ്ട് മുതലെ നിലനില്ക്കുന്ന ഈ ദൈവീക നടപടി ക്രമത്തിന് അവൻ മാറ്റം വരുത്തുന്നതല്ല. അതുകൊണ്ട് ഞാൻ പറയുന്നതു കേട്ട് നിങ്ങൾ ദുഃഖിക്കരുത്. അതുകൊണ്ട് അവന്റെ രണ്ടാമത്തെ ശക്തിപ്രകടനം നിങ്ങളുടെ മേൽ വിധിക്കപ്പെട്ടതാണ്. ഈ രണ്ടാമത്തെ ശക്തി പ്രകടനം നിങ്ങൾക്ക് എന്തുകൊണ്ടും, ഒന്നുകൂടി നല്ലതാണ്, കാരണം അത് നീണ്ട് നില്ക്കുന്നതും, വിധിനാൾവരെ തുടരുന്നതുമാകുന്നു. ഞാൻ പോയതിനു ശേഷമല്ലാതെ പ്രസ്തുത രണ്ടാം ദൃഷ്ടാന്തം ഉണ്ടാവുകയില്ല. ഞാൻ അല്ലാഹുവിലേക്ക് മടങ്ങികഴിഞ്ഞാൽ, അവന്റെ ശക്തിയുടെ രണ്ടാം പ്രഭാവം നിങ്ങളിൽ അവൻ കൊണ്ടു വരുന്നതാണ്, അത് നിങ്ങളോടൊപ്പം എന്നും നിലകൊള്ളുന്നതാണ്. **(The will Page 10, 1997 English) (U.K)**

ദൈവീക ഗ്രന്ഥങ്ങളിലുള്ള യഥാർത്ഥ കാര്യം വെളിപ്പെടുത്തുവാനും, പ്രവാചക വചനങ്ങളിലൂള്ള സത്യമായ കാര്യങ്ങൾ വിശദീകരിക്കുവാനും, മുൻകഴിഞ്ഞ ഖലീഫമാർ, മഹ്ദിമാർ, മസീഹ്മാർ ഇവരൊക്കെ പറഞ്ഞതിന്റെ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നതിനും വേണ്ടിയാണ് ഓരോ നൂറ്റാണ്ടിലും അല്ലാഹു(ത) അവന്റെ പ്രതിനിധിയെ നിയോഗിക്കുന്നത്. പുതിയ തലമുറയ്ക്ക് കാര്യങ്ങൾ വിശദീകരിക്കുവാൻ അല്ലാഹു(ത) അവൻ സ്വയം തന്നെ ഏർപ്പെടുത്തിയ ഏർപ്പാടാണിത്. അതിന് യാതൊരു മാറ്റവുമില്ലാ എന്ന് വാഗ്ദത്തമസീഹ് (അ) തന്റെ അൽവസിയ്യത്തിൽ മുകളിൽ പരാമർശിച്ച ഭാഗത്തു പറയുന്നു. അവൻ (അല്ലാഹു) നടപ്പിലാക്കുന്ന രണ്ടാം ശക്തിപ്രഭാവം ഖിയാമത്ത് നാൾവരെ നിങ്ങളുടെ കൂടെ ഉണ്ടാകും. അതിന് നിങ്ങൾ എല്ലാവരും ചേർന്ന് ഒരു ജമാഅത്തായി അല്ലാഹുവിനെ മാത്രം ഇബാദത്ത് ചെയ്തുകൊണ്ടിരി

ക്കുക എന്നും അദ്ദേഹം ഉപദേശിച്ചു. അങ്ങനെ നല്ലവരായി, നല്ല പെരുമാറ്റത്തോടെ, വിനയാന്വിതരായി, മുത്തഖീങ്ങളായി നിങ്ങൾ അല്ലാഹുവിന്റെ മഹത്വത്തിന് മുൻതൂക്കം കൊടുത്ത് നമ്രശിരസ്ക്കരാകുമ്പോൾ, നിങ്ങളിൽ നിന്നുള്ള ഒരാളെ ദൈവീക വചനവുമായി (റൂഹുൽ ഖുദ്സുമായി) എഴുന്നേല്പിക്കുന്നതാണ്. അത് അല്ലാഹുവിൽ നിന്നുള്ളതാണ്. അവന്റെ ശക്തി പ്രഭാവത്താലാണ് അതു സംഭവിക്കുക എന്നും വാഗ്ദത്തമസീഹ്(അ) പറയുകയുണ്ടായി, അതു ഖിയാമത്തു നാൾവരെ, ഇപ്രകാരം വാഗ്ദത്തമസീഹ്മാർ, വന്നുകൊണ്ടിരിക്കും, അതു ഓരോ നൂറ്റാണ്ടിലും സംഭവിക്കും-അങ്ങനെ അന്ത്യത്തിൽ വാഗ്ദത്തമസീഹ് തന്നെ ആയിരിക്കും. അതിലൂടെയാണ് പ്രവാചകവചനത്തിന്റെ സത്യത പൂർത്തിയാകുന്നത്. ഞാൻ ആദ്യത്തിലും അന്ത്യത്തിൽ ഈസബ്നു മറിയവും എന്ന വചനം ഖിയാമത്ത് നാൾവരെ നിലനില്ക്കുന്നതും, അന്ത്യത്തിൽ ഇപ്രകാരം ഈസബ്നു മറിയംമാർ ഓരോ നൂറ്റാണ്ടിലും വന്നുകൊണ്ടിരിക്കുന്നതുമാണ്.

വിനയം കൈക്കൊണ്ട് റൂഹുൽ ഖുദ്സ് ഇറങ്ങാനായി ദുആ ചെയ്തിരിക്കാനാണ് നമ്മുടെ ആത്മീയ പിതാവ് വസിയ്യത്തും എഴുതി തന്നിട്ടു പോയത്. റുഹൂൽ ഖുദ്സുമായി നമ്മളിൽ നിന്നു തന്നെ ആളുവരുമെന്ന് പറഞ്ഞു. ആളുവന്നപ്പോൾ, അതല്ല എന്ന്! വന്ന ആളല്ലാ എന്ന്!

ഇത് ജൂതന്മാർക്കിടയിൽ ഈസാ(അ) വന്നതുപോലായിപ്പോയല്ലോ തമ്പുരാനെ. വേദഗ്രന്ഥം കയ്യിലുണ്ടായിരുന്നു. പക്ഷേ, യേശുവിനെ തിരിച്ചറിഞ്ഞില്ല. ഇതുപോലെ വിശുദ്ധ ഖുർആനും, വിശുദ്ധ തിരുവചനങ്ങളും വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥക്കൂമ്പാരങ്ങളും, ചുമന്നു ഞങ്ങൾ നടക്കുന്നു. യാ അല്ലാഹ്! കഴുത ഭാണ്ഡം ചുമക്കുന്നതുപോലെ എന്ന് നീ പറഞ്ഞ ഗണത്തിൽ ഞങ്ങളായി പോയല്ലോ! മാപ്പ്!


വാഗ്ദത്തമസീഹും മഹ്ദിയുമായ ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന്റെ അധ്യാപനങ്ങൾ പ്രകാരം, അനേകം ഗ്രന്ഥങ്ങളുടെ സത്യസാക്ഷ്യത്തിലൂടെ, വസിയ്യത്തിലൂടെ അദ്ദേഹത്തിന്റെ അനുചരവൃന്ദത്തിൽ നിന്ന് ഒരാളിതാ റൂഹുൽ ഖുദ്സുമായി എല്ലാവിധ സാക്ഷിപത്രങ്ങളുമായി അതായത് വിശുദ്ധഖുർആന്റെ സാക്ഷിപത്രം- വിശുദ്ധ ഹദീസിന്റെ സാക്ഷിപത്രം -വിശുദ്ധ മസീഹിന്റെ

ഗ്രന്ഥങ്ങളുടെ സാക്ഷിപത്രം ഇവയുമായി, നമ്മുടെ മുൻപാകെ ദൈവീക വചനങ്ങൾ സ്വീകരിച്ചുകൊണ്ട് ഒരാൾ നില്ക്കുന്നു. അല്ലാഹു(ത)യിൽ നിന്ന് നേരിട്ടു സ്വീകരിച്ച 10 കീർത്തിമുദ്രകളുമായി ! കീർത്തി മുദ്രകൾ ഇവകളാണ്.



| | |
|---|---|
| 1. അമീറുൽ മുഅ്മിനീൻ | 19 ജനുവരി 2003 |
| 2. ഹസ്റത്ത് | 25 ജൂലൈ 2003 |
| 3. മുഹ്‌യിദ്ദീൻ | 06-07 ഡിസംബർ 2003 |
| 4. മുസ്‌ലിഹ് മൗഊദ് | 20 ഫെബ്രുവരി 2004 |
| 5. ഖലീഫത്തുല്ലാഹ് | 26,27 മെയ് 2008 |
| 6. ഇമാമെ ഇൻക്വിലാബ് | 26,27 മെയ് 2008 |
| 7, മസീഹ് മൗഊദ് | 10 സെപ്തംബർ 2010 |
| 8. മുജദ്ദിദ് | 10 സെപ്തംബർ 2010 |
| 9. റസൂലുല്ലാഹ് | ഒക്ടോബർ 2010 |
| 10. നബിയുല്ലാഹ് | ഒക്ടോബർ 2010 |

എന്താ സ്വീകരിച്ചു കൂടെ! അല്ലാഹു(ത)യുടെ മസീഹിനോടൊപ്പം ചേർന്ന് നിന്ന് വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ മാലോകർക്ക് നല്കി, സമാധാനഗേഹത്തിലേക്ക്, മാനവകുലത്തെ കൈപിടിച്ച് നയിക്കുവാൻ, സൃഷ്ടാവായ ദൈവം നമ്മെ എല്ലാവരെയും സഹായിക്കട്ടെ. ഇൻശാ അല്ലാഹ് ! ആമീൻ!



*Compiled By*
*Mukarram R. Jamaludin Raother*

*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*